II.ഇ.ബി. XII--കേരള നിയമസഭ/I- 9

**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ–സംഗ്രഹം**

2006 ജൂൺ 30, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

46(*209) പൊതുമേഖലാ വ്യവസായങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ, കമ്പനി മാനേജ്മെന്റിന്റേയും തൊഴിലാളി സംഘടനകളുടേയും പ്രതിനിധികൾ, ബാങ്കുകളുടേയും ധനകാര്യസ്ഥാപനങ്ങളുടേയും പ്രതിനിധികൾ എന്നിവരുമായി ചർച്ചകൾ നടന്നുവരുന്നുവെന്ന് സഭയെ അറിയിച്ചു. ബാങ്കുകളുടേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടേയും സഹകരണം ഉറപ്പുവരുത്തുന്നതിനായി One Time Settlement ഉൾപ്പെടെയുള്ള പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനികളെ വിദഗ്ദ്ധ മാനേജ്മെന്റിനുകീഴിൽ കൊണ്ടുവരും. പല പൊതുമേഖലാ സ്ഥാപനങ്ങളിലേയും സി.ഇ.ഒ. മാരായി വിദഗ്ദ്ധരല്ലാത്തവരെ

നിയമിച്ചിരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ഒരു സെലക്ഷൻ ബോർഡ് രൂപീകരിച്ച് അതാതു മേഖലയിൽ വൈദഗ്ദ്ധ്യമുള്ള ടെക്നോക്രാറ്റുകളുടെ ലിസ്റ്റ് തയ്യാറാക്കി അതിൽനിന്ന് നിയമനം നടത്തുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ, പുനർനിയമനങ്ങൾ, നിലവിലുള്ള ഒഴിവുകൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് തസ്തികകളിൽ അനുയോജ്യരായവരെ പി.എസ്.സി മുഖേന മാത്രമേ  നിയമിക്കാൻ പാടുള്ളൂവെന്നും തീരുമാനിച്ചിട്ടുണ്ട്. 2001-02 മുതൽ 2005-06 വരെയുള്ള കാലയളവിൽ 70 കോടിയോളം രൂപ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, പ്രവർത്തന മൂലധനം എന്നീ ഇനങ്ങളിലായി മുടക്കിയിട്ടുണ്ട്. 2006-07-ൽ 40 കോടി രൂപ മുടക്കാനാണ് ഉദ്ദേശിക്കുന്നത്. മാനുഫാക്ചറിംഗ് സെക്ടറിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ കമ്പോളത്തിൽ മൽസരാധിഷ്ഠിതമായ നിലയിൽ തന്നെ ലാഭകരമായി പ്രവർത്തിപ്പിക്കാനാണ് ഗവണ്മെന്റ് ആലോചിക്കുന്നത്. പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ സർക്കാർ വകുപ്പുകൾക്ക് ആവശ്യമുള്ളത്  വാങ്ങുകയും പരസ്പരം കൈമാറാൻ കഴിയുന്നത് കൈമാറുകയും ചെയ്യുക എന്ന നയമാണ് ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. പൊതുമേഖലാസ്ഥാപനങ്ങളിലെ കാലഹരണപ്പെട്ട സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിനായി കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾ, സാങ്കേതിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പദ്ധതി നടപ്പിലാക്കാനും അവിടത്തെ ജീവനക്കാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു പൊതു നയം സ്വീകരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കെൽട്രോണിന്റെ

പുനരുദ്ധാരണത്തിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 10 കോടി രൂപയും മറ്റ് ധനകാര്യ സ്ഥാപനങ്ങളേയും ഉപയോഗപ്പെടുത്തി നല്ല നിലയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ഒരുപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു. പൂട്ടിക്കിടക്കുന്ന വ്യവസായശാലകളിലെ ബാധ്യതകൾ തീർത്ത് ഡിസ്റ്റിലറികളിൽ ഉൽപാദിപ്പിക്കുന്ന വിദേശ മദ്യം ബിവറേജസ് കോർപ്പറേഷനും എക്സൈസ് ഡിപ്പാർട്ടുമെന്റുമായി കൂടിയാ ലോചിച്ച് ബിവറേജസ് കോർപ്പറേഷനെക്കൊണ്ട് വാങ്ങിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കുണ്ടറയിലെ കേരള സിറാമിക്സ് ലിമിറ്റഡിന്റെ പ്രതിസന്ധി സംബന്ധിച്ച് യൂണിറ്റ് തലത്തിൽ നടന്നുവരുന്ന റിവ്യൂ കഴിഞ്ഞാൽ അതിന്റെ പുനരുദ്ധാരണ പ്രവർത്തനം പൂർത്തിയാക്കുന്നതാണ്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, ആസ്ട്രൽ വാച്ചസ്, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് (ഷൊർണ്ണൂർ), സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾ, ടെക്സ്റ്റയിൽ മില്ലുകൾ എന്നിവ നവീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മലബാർ സിമന്റ്സ് ലിമിറ്റഡിലെ ക്രമക്കേടുകളെപ്പറ്റി അന്വേഷണം നടത്തുന്നതാണെന്നും സ്റ്റീൽ ഇൻഡ സ്ട്രീസ് കേരള ലിമിറ്റഡ് (തുറവൂർ)-ലെ വൈദ്യുതി ബന്ധം പുന:സ്ഥാപിക്കുന്നതിനെപ്പറ്റിയും അവിടത്തെ ഉൽപന്നങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകൾ വാങ്ങുന്നതിനെപ്പറ്റിയും ആലോചിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. തൃശൂരിലെ 'കെൽ', കണ്ണൂരിലെ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിലെ പ്രതിസന്ധി സംബന്ധിച്ച് 2006 ജൂലൈ മാസം 7, 8 തീയതികളിൽ കമ്പനികൾ സന്ദർശിച്ച് തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുന്നതാണ്. തിരുവനന്തപുരത്തെ

മെട്രോപൊളിറ്റൻ എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡിന്റേയും കുറ്റിപ്പുറത്തെ കേരളാസ്റ്റേറ്റ് ഡിറ്റർജന്റ്സ് & കെമിക്കൽസ് ലിമിറ്റഡിന്റേയും സ്ഥലവും ആസ്തിയും ഉപയോഗപ്പെടുത്തി മറ്റ് ഏതെങ്കിലും വ്യവസായ സംരംഭം ആരംഭിക്കുന്നതിനും കിൻഫ്രയിൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ് ചെയ്യുന്നതിന് കൂടുതൽ സ്ഥലം കണ്ടെത്തുന്നതിനും ഗവണ്മെന്റ് ശ്രമിക്കുന്നതാണ്. ടെൽക്കിനെ പൊതുമേഖലയിൽത്തന്നെ നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ മലിനീകരണ നിവാരണ നടപടികൾ പൂർത്തീകരിക്കുന്നതോടൊപ്പം സാമ്പത്തിക ചോർച്ച തടഞ്ഞ് അത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ് നവീകരിക്കുന്നതിനായി ചൈനയിൽനിന്നും പുതിയ യന്ത്രങ്ങൾ വാങ്ങാൻ അനുമതി നൽകിയിരിക്കുകയാണ്. ലിക്വിഡേഷൻ പ്രോസ്സസ്സിലായിരുന്ന തിരുവനന്തപുരത്തെ ബാലരാമപുരം സ്പിന്നിംഗ് മില്ലിനുവേണ്ടിയുള്ള ഒരു പുനരുദ്ധാരണ പദ്ധതി കോടതിയിൽ സമർപ്പിക്കാനായി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഓരോ വ്യവസായശാലയും യൂണിറ്റ് തലത്തിൽ എടുത്ത് പുനരുദ്ധാരണ പദ്ധതികൾ തയ്യാറാക്കുകയും മുൻഗണനാക്രമത്തിൽ നിശ്ചയിച്ച് അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതുമാണെന്ന് മന്ത്രി അറിയിച്ചു.

47(*210) <u>മൽസ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് പുതിയ പദ്ധതികൾ</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, മൽസ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു

ണ്ടെന്ന് സഭയെ അറിയിച്ചു. വിവിധ വകുപ്പുകൾ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി നടത്തുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മൽസ്യത്തൊഴിലാളി കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 3000 കോടി രൂപ അടങ്കൽ വരുന്ന സമഗ്ര തീരദേശ വികസന പരിപാടി നടപ്പിലാക്കുന്നതാണ്. വിവിധ ഏജൻസികളുടേയും ഡിപ്പാർട്ടുമെന്റുകളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വിഭവങ്ങൾ സമാഹരിച്ച് പാർപ്പിട പ്രശ്നം, കുടിവെള്ള വിതരണം, സാനിറ്റേഷൻ, റോഡുകൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, വൈദ്യുതീകരണം തുടങ്ങിയ വിവിധ ഘടകങ്ങൾ അടങ്ങിയ ബൃഹത്തായ പദ്ധതിയാണ് നടപ്പിലാക്കുന്നത്. മൽസ്യത്തൊഴിലാളി മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി മൽസ്യനയത്തിന് രൂപം കൊടുക്കാൻ ഒരു മാസ്റ്റർപ്ളാൻ തയ്യാറാക്കുന്നതിനുവേണ്ടി ഈ മേഖലയിലെ ശാസ്ത്രജ്ഞൻമാർ, സാമ്പത്തിക വിദഗ്ദ്ധന്മാർ, ട്രേഡ് യൂണിയൻ നേതാക്കന്മാർ, തീരദേശത്തെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ എന്നിവരുടെ ഒരു വർക്ക്ഷോപ്പ് 2006 ജൂലായ് 21, 22 തീയതികളിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സുനാമിബാധിത മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി കേന്ദ്രഗവണ്മന്റിന്റേയും എ.ഡി.ബി.യുടേയും സഹായത്തോടുകൂടി 1441 കോടി രൂപയുടെ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റിയറിംഗ് കമ്മിറ്റിയും ചീഫ് സെക്രട്ടറി ചെയർമാനും മറ്റ് സെക്രട്ടറിമാരടങ്ങുന്ന എംപവേർഡ് കമ്മിറ്റിയും ഓരോ മേഖലയേയും അടിസ്ഥാനമാക്കിക്കൊണ്ടുള്ള പദ്ധതികളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി നിബന്ധനകൾക്കുവിധേയമായി ഓരോ സെക്ടറിലും ഘട്ടംഘട്ടമായി അനുവദിക്കപ്പെട്ടിട്ടുള്ള തുകയ്ക്കുള്ള

വികസന പദ്ധതി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. ട്രോളിംഗ് നിരോധനത്തെത്തുടർന്ന് തൊഴിലില്ലാതായ മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ജൂലൈ മാസത്തിൽ സൗജന്യ റേഷൻ കൊടുക്കുന്നതിന് മന്ത്രിസഭ തീരുമാനമെടുത്തിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് മൽസ്യത്തൊഴിലാളി കുടംബങ്ങളുടെ കൈവശ ഭൂമിക്ക് പട്ടയം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഡീപ് ഷിപ്പിംഗ് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കുകൂടി നടത്താൻ കഴിയുന്ന രീതിയിൽ അതിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതാണ്. കടലാക്രമണ പ്രതിരോധത്തിനായി കടൽഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുപുറമെ വനംവകുപ്പും ഫിഷറീസ് വകുപ്പുമായി കൂടിയാലോചിച്ച് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയുടെ സാധ്യതയും ആരായുന്നതാണ്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചാൽ പള്ളുരുത്തിയിലെ ചെല്ലാനത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിനുള്ള കേന്ദ്രാനുമതി തേടുന്നതാണെന്ന് മന്ത്രി അറിയിച്ചു.

48(*211) <u>ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, ജലസ്രോതസ്സുകളിലെ തടയണ നിർമ്മാണം, ജലപ്രവാഹങ്ങളിൽ സ്ഥിരം ബണ്ടുകളുടേയും താൽക്കാലിക ബണ്ടുകളുടേയും നിർമ്മാണം, നദികളിലേയും ഉറവകളിലേയും മാലിന്യ നിയന്ത്രണം, മണൽ വാരൽ നിയന്ത്രണം, മഴക്കുഴി നിർമ്മാണം, മഴവെള്ള സംഭരണം, ജലസ്രോതസ്സുകളിലെ അനധികൃത കയ്യേറ്റം തടയൽ, നദീതട സംരക്ഷണം, ഗ്രൗണ്ട് വാട്ടർ റീച്ചാർജ്ജിംഗ് എന്നീ നടപടികളിലൂടെ സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്

ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ജലസംരക്ഷണം സംബന്ധിച്ച പരിപാടികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുജനങ്ങളുടേയും സഹകരണം ലഭ്യമാക്കുന്നതാണ്. ജലവിഭവ സംരക്ഷണം സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും ഒരു സമഗ്ര ജലനയം പ്രഖ്യാപിക്കാനും ഉദ്ദേശിക്കുന്നുവെന്ന് മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

49(*212) വ്യവസായശാലകളിൽനിന്നുള്ള മലിനീകരണം തടയുന്നതിന് നടപടി

വ്യവസായവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വ്യവസായശാലകളിൽനിന്നുള്ള മലിനീകരണം തടയുന്നതിന് 1974–ലെ ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമവും, 1981–ലെ വായു മലിനീകരണ (നിവാരണവും, നിയന്ത്രണവും) നിയമവും, അവ പ്രകാരമുള്ള ചട്ടങ്ങളും പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരമുള്ള ഹസ്സാർഡസ് വേസ്റ്റ്സ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കുന്നതായി അറിയിച്ചു. ബോർഡിൽനിന്നും ജലനിയമ പ്രകാരവും വായുനിയമപ്രകാരവുമുള്ള സ്ഥാപനാനുമതി വാങ്ങിയാലേ പുതിയ വ്യവസായശാലകൾ സ്ഥാപിക്കുന്നതിനോ വികസിപ്പിക്കുന്നതിനോ സാധിക്കുകയുള്ളൂ. അതുപോലെതന്നെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് എൻവയൺമെന്റൽ ക്ളിയറൻസ് ലഭിച്ചാലേ ചില വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ. ഖര, ജല, വായു മലിനീകരണങ്ങൾ സൃഷ്ടിക്കാവുന്ന വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പ് താൽക്കാലികമോ/സ്ഥിരമോ ആയ എസ്.എസ്.ഐ. രജിസ്ട്രേഷൻ നൽകുന്നത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് വാങ്ങിയതിനുശേഷവും പ്രോജക്ട്

റിപ്പോർട്ടിൽ നിർദ്ദിഷ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചതിനുശേഷവുമാണ്. പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 10 സ്ഥാപനങ്ങൾക്കെതിരെ ബോർഡ് വിവിധ കോടതികളിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

50(*213) <u>പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഐ.എസ്.ഐ. അംഗീകാരമുള്ള 24 കമ്പനികൾ വില്പന നടത്തുന്ന കുപ്പികളിൽ അടച്ച പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെ ഗുണനിലവാരം പരിശോധിക്കാൻ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള 3 റീജിയണൽ ലബോറട്ടറികളിൽ എല്ലാവിധ സംവിധാനങ്ങളുമുണ്ടെന്ന് അറിയിച്ചു. 2005–06–ൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പരിശോധിച്ച 167 പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ സാമ്പിളുകളിൽ നാലെണ്ണം ഗുണനിലവാരം ഇല്ലാത്തതും മാലിന്യം കലർന്നതുമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗത്തുനിന്നും പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിച്ചയയ്ക്കാൻ അതാത് ജില്ലകളിലെ ഫുഡ് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

51(*216) <u>എയിഡ്സ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേരളാ സ്റ്റേറ്റ് എയിഡ്സ് കൺട്രോൾ സൊസൈറ്റി എയിഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നറിയിച്ചു. സ്കൂൾ എയിഡ്സ് എഡ്യൂക്കേഷൻ പ്രോഗ്രാം, കുടുംബാരോഗ്യ ബോധവൽക്കരണ പരിപാടി, രോഗം പിടിപെടാൻ കൂടുതൽ സാധ്യതയുള്ള വിഭാഗക്കാർക്കിടയിൽ നേരിട്ട് ഇടപെട്ട് സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, ആരോ

ഗ്യപ്രവർത്തകർക്കുള്ള പരിശീലന പരിപാടികൾ, രക്തബാങ്കുകളും ലൈംഗിക രോഗ ചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിപ്പിക്കുക, വോളണ്ടറി കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകളുടെ പ്രവർത്തനം, ആന്റി റിട്രോ വൈറൽ ചികിത്സാ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി കെയർ സെന്ററുകളും പ്രത്യാശാ കേന്ദ്രങ്ങളും നടത്തുക എന്നിവയാണ് ഇതിന്റെ പ്രവർത്തനങ്ങൾ. സംസ്ഥാനത്ത് എച്ച്.ഐ.വി. പോസിറ്റീവായ ഒരു ലക്ഷത്തോളം പേരും 2221 എയിഡ്സ് രോഗികളും ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബ്ലഡ് ബാങ്കുകളിലൂടേയും ചികിത്സാ ഉപകരണങ്ങളിലൂടേയുമുള്ള എച്ച്.ഐ.വി. രോഗബാധ തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

52(*219) <u>മത്സ്യഫെഡിന്റെ പ്രവർത്തനം</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണെന്ന് അറിയിച്ചു.

<u>ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി</u>

1984 മുതൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധന വായ്പ, പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, കെട്ടിടത്തിനും മറ്റ് സൗകര്യങ്ങൾക്കുമുള്ള ധനസഹായം, സബ്സിഡി, ഓഹരി മൂലധനം എന്നിവ വിഭാവനം ചെയ്യുന്ന ഈ പദ്ധതിയിലൂടെ 54472 മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുകയും നാളിതുവരെ 16930 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

നാടൻവള്ളങ്ങളുടെ നവീകരണം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

1988–89 മുതൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിക്ക് 557.75 ലക്ഷം രൂപ വിനിയോഗിക്കുകയും 6646 പരമ്പരാഗത വള്ളങ്ങൾ യന്ത്രവത്കരിക്കുന്നതിന് സബ്സിഡി നൽകുക വഴി 33230 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. നാടൻ വള്ളങ്ങൾ യന്ത്രവത്കരിക്കുന്നതിന് 10 എച്ച്.പി.യിൽതാഴെയുള്ള ഔട്ട്ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 10,000 രൂപവരെ സബ്സിഡി നൽകിവരുന്നു.

മത്സ്യബന്ധന വലകൾ വാങ്ങുന്നതിന് ധനസഹായം

1996–97 മുതൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിലൂടെ 1426 മത്സ്യത്തൊഴിലാളികൾക്ക് നാളിതുവരെ 79.25 ലക്ഷം രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. മത്സ്യബന്ധന വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 6000 രൂപവരെ സബ്സിഡി അനുവദിക്കുന്നു.

എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. പദ്ധതി

1997–98 മുതൽ എൻ.ബി.സി.എഫ്.ഡി.സി. പദ്ധതിപ്രകാരം 7550 പേർക്ക് 1381.8 ലക്ഷം രൂപ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വായ്പയായി നൽകിയിട്ടുണ്ട്. ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി സ്വയം

തൊഴിലിനായി ചുരുങ്ങിയ പലിശ നിരക്കിലുള്ള വായ്പകൾ നൽകി വരുന്നു.

എസ്.ജി.എസ്.വൈ. പദ്ധതി

മത്സ്യം, കക്ക, കൊഞ്ച്, കണവ എന്നിവയിൽനിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനത്തിനും വിപണനത്തിനും വേണ്ടി കേന്ദ്ര ഗ്രാമ വികസന വകുപ്പിന്റേയും സംസ്ഥാന സർക്കാരിന്റേയും ധനസഹായത്തോടുകൂടി 1127.15 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ പദ്ധതി നടപ്പിലാക്കിവരുന്നു.

മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംയോജിത മത്സ്യവികസന പദ്ധതിയുടെ ഭാഗമായി നൽകുന്ന മത്സ്യ ബന്ധന ഉപകരണങ്ങൾക്ക് അപകട ഇൻഷ്വറൻസ് ആനുകൂല്യം നൽകിവരുന്നു.

തീരദേശ ലേലം ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്ന പദ്ധതി

സംഘത്തിന്റെ തീരദേശ ലേലത്തിൽ പങ്കെടുക്കുന്ന ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് അടിയന്തിര ഘട്ടങ്ങളിൽ ഗ്രൂപ്പിന്റെ പ്രവർത്തനത്തിന് ആവശ്യമായി വരുന്ന ആവർത്തന ചെലവുകൾക്ക് ഇടക്കാല പലിശ രഹിത വായ്പകൾ ലഭ്യമാക്കി ഇടത്തട്ടുകാരിൽനിന്നും മോചിപ്പിച്ച് കൂടുതൽ തൊഴിലാളികളെ സംഘത്തിന്റെ ലേലത്തിൽ കൊണ്ടുവരികയും മത്സ്യത്തിന് മെച്ചമായ വില ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിയാണിത്.

മത്സ്യ വിപണന വായ്പ

മത്സ്യക്കച്ചവടം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നു.

മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി

ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നുകൊണ്ട് മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

53(*220) എപിഡെമിക് കൺട്രോൾ മോണിറ്ററിംഗ് സെൽ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സാംക്രമിക രോഗങ്ങൾ കണ്ടെത്തി റിപ്പോർട്ടു ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ മെഡിക്കൽ ഓഫീസുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും എപിഡെമിക് കൺട്രോൾ മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചു. നാഷണൽ വെക്ടർബോൺ ഡിസീസ് കൺട്രോൾ, റിവൈസ്ഡ് നാഷണൽ ട്യൂബർക്കുലോസിസ് കൺട്രോൾ തുടങ്ങിയ പരിപാടികൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾവഴി നടപ്പിലാക്കിയും ജലജന്യ, വായുജന്യ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ബ്ളോക്ക്, ജില്ലാ, സംസ്ഥാന തലത്തിൽ ഡോക്ടർമാരുൾപ്പെടുന്ന ദ്രുതകർമ്മ സംഘങ്ങൾ രൂപീകരിച്ചും ഡെങ്കിപ്പനി, ജപ്പാൻജ്വരം തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് കൊതുക്, കൂത്താടി എന്നിവയുടെ വളർച്ചയുടെ തോത് നിർണ്ണയിക്കുന്നതിനുള്ള എന്റമോളജിക്കൽ സർവ്വേകൾ നടത്തിയും ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സാധാരണയിൽനിന്ന് വ്യത്യസ്തമായ രോഗലക്ഷണങ്ങളുള്ളവരുടെ രക്ത

സാമ്പിളുകൾ, പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ഡൽഹിയിലെ എൻ. ഐ.സി.ഡി. എന്നീ സ്ഥാപനങ്ങളിൽ പരിശോധിക്കാറുമുണ്ട്. സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിലും ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പരിപാടി (ഐ.ഡി.എസ്.പി.) നടപ്പിലാക്കുന്നതിനാവശ്യമായ ജീവനക്കാർക്ക് ആദ്യ ഘട്ട പരിശീലനം നൽകുകയും ഇന്റർനെറ്റ് ശൃംഖല സ്ഥാപിക്കുകയും മെഡിക്കൽ കോളേജ് തലത്തിൽ ബോധവത്കരണ ശില്പശാല നടത്തുകയും ഈ പരിപാടിയുമായി സഹകരിക്കുന്നതിനായി ഐ.എം.എ. എല്ലാ ജില്ലകളിലും കോ–ഓർഡിനേറ്റർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

54(*224) <u>അക്വാകൾച്ചർ വികസനം</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, അക്വാ കൾച്ചർ വികസനത്തിനുവേണ്ടി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നറിയിച്ചു.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കുട്ടനാടൻ പാടശേഖരങ്ങളിൽ നടപ്പിലാക്കിവരുന്ന 'ഒരു നെല്ലും ഒരു മീനും' പദ്ധതി;

എറണാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങളിൽ നടപ്പിലാക്കിവരുന്ന സുസ്ഥിര ചെമ്മീൻ കൃഷി വികസനം;

തിരുവനന്തപുരം ജില്ലയിലെ ഓടയത്തെ ചെമ്മീൻ/ആറ്റുകൊഞ്ച് ഹാച്ചറി; (താമസിയാതെ കമ്മിഷൻ ചെയ്യും)

തൃശ്ശൂർ ജില്ലയിലെ പൊയ്യ ഫിഷ് ഫാമിൽ നടത്തിവരുന്ന പരമ്പരാഗതവും ശാസ്ത്രീയവുമായ മത്സ്യ/ചെമ്മീൻ കൃഷി;

കോഴിക്കോട് ജില്ലയിലും കണ്ണൂർ ജില്ലയിലെ എരഞ്ഞോലി ഫാമിലും പൊയ്യ ഫാമിലും നടത്തിവരുന്ന ചിപ്പിക്കൃഷി;

കേന്ദ്ര സഹായത്തോടെ എഫ്.എഫ്.ഡി.എ., ബി.എഫ്.എഫ്.ഡി.എ. എന്നീ ഏജൻസികൾവഴി ശുദ്ധജല, ഓരുജല മത്സ്യക്കൃഷി;

അലങ്കാര മത്സ്യക്കൃഷി വികസനത്തിനായി 2 വർഷത്തിലൊരിക്കൽ അന്തർദേശീയ അലങ്കാര മത്സ്യ പ്രദർശനം;

മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് രണ്ട് നാഷണൽ ഹാച്ചറികളുൾപ്പെടെ 8 ഹാച്ചറികൾ;

പന്നിവേലിച്ചിറ ഓർണമെന്റൽ ഫിഷ് ഹാച്ചറിയിൽനിന്നും അലങ്കാര മത്സ്യങ്ങളുടെ വിത്തു വിതരണം.

മത്സ്യ കർഷകർക്ക് കേന്ദ്ര സഹായത്തോടെ വിവിധ മത്സ്യ/ചെമ്മീൻ കൃഷി പ്രവർത്തനങ്ങൾ നടത്തുന്നതിനായി സാമ്പത്തികവും സാങ്കേതികവുമായ സഹായവും പരിശീലനവും നൽകിവരുന്നു. കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ സർക്കാർ ആഭിമുഖ്യത്തിൽ ചിപ്പിക്കൃഷി നടത്തുന്നുണ്ട്.

55(*234) അഗതികളുടെ പുനരധിവാസം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, അഗതികളേയും അനാഥരായവരേയും സംരക്ഷിച്ച് പുനരധിവസിപ്പിക്കുന്നതിനായി 48 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചു. ഇതിൽ 16 എണ്ണം സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളവയും 32 എണ്ണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തവയുമാണ്. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സംരക്ഷണ ചെലവിനായി പ്രതിമാസം 450 രൂപയും മരുന്ന്, വസ്ത്രം എന്നിവയ്ക്കുവേണ്ടി പ്രതിവർഷം 200 രൂപയും

നൽകുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടു ള്ളതും സർക്കാർ അനുമതിയുള്ളതുമായ 617 അനാഥാലയങ്ങൾക്കും 157 വൃദ്ധസദനങ്ങൾക്കും 4 യാചക മന്ദിരങ്ങൾക്കും ഒരു അന്തേവാസിക്ക് പ്രതി മാസം 150 രൂപ നിരക്കിൽ സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട്. രോഗം ഭേദമാ യിട്ടും ആരും ഏറ്റെടുക്കാനില്ലാതെ ആശുപത്രിയിൽ കഴിയുന്നവരേയും അഗ തികളേയും ഏറ്റെടുത്ത് സംരക്ഷിക്കുന്ന തിരുവനന്തപുരത്തെ 3 സന്നദ്ധസം ഘടനകൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 750 രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

74(1351) വ്യവസായ മേഖലയിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ

വ്യവസായ മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ആല പ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ കേന്ദ്രാവിഷ്കൃത വ്യവസായ വളർച്ചാ കേന്ദ്രങ്ങൾക്കും, കൊച്ചിയിൽ പൊതുഖരമാലിന്യ സംസ്കരണ പദ്ധതിക്കും തൃശ്ശൂരിൽ 40 കോടി രൂപ ചെലവിൽ കെയർ കേരളം ആയുർവേദ ക്ലസ്റ്റർ പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വ്യവസായ പ്ളോട്ടുകൾ, വ്യവസായ വികസന ഏരിയകൾ തുടങ്ങിയവ വ്യവസായ സംരംഭകർക്ക് നൽകുന്നുണ്ട്. പൊതുമേഖലയിൽ കെ.എസ്.ഐ.ഡി.സി.ക്ക് ഓഹരി പങ്കാളിത്തമുള്ള ഒരു കമ്പനി രൂപീകരി ക്കാനും കാസർഗോഡ് പെട്രോകെമിക്കൽസിൽ അനുബന്ധ വ്യവസായ ങ്ങൾക്കായി ഒരു പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാനും ഉദ്ദേശമുണ്ട്. വയനാട് ജില്ലയിൽ കേന്ദ്ര സഹായത്തോടെ ഒരു സമ്പൂർണ്ണ ഭക്ഷ്യ സംസ്ക രണ പാർക്ക്, കേന്ദ്ര പദ്ധതിയിൽപ്പെടുത്തി സ്വകാര്യ മേഖലയുടെ പങ്കാളിത്ത ത്തോടുകൂടി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഒരു ഇന്റഗ്രേറ്റഡ്

ടെക്സ്റ്റൈൽ പാർക്ക്, തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ സ്വകാര്യ മേഖലയിലുള്ള പ്രിന്റിംഗ് വ്യവസായികളുടെ പങ്കാളിത്തത്തോടുകൂടി ഒരു പ്രിന്റ് വില്ലേജ്, എറണാകുളം ജില്ലയിലെ കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിൽ സ്വകാര്യ മേഖലയുടെ സഹായത്തോടെ കയറ്റുമതി അധിഷ്ഠിത ജെം ആന്റ് ജൂവലറി പാർക്ക്, ബയോ ടെക്നോളജി പാർക്ക്, ഇലക്ട്രോണിക്സ് ഹാർഡ്വെയർ അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല ഉൾപ്പെടെയുള്ള പദ്ധതികൾക്കുപുറമേ തിരുവനന്തപുരത്ത് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് സ്വകാര്യ പങ്കാളിത്തത്തോടെ ജൈവസാങ്കേതികവിദ്യാധിഷ്ഠിതമായ വ്യവസായങ്ങൾ ആരംഭിക്കാൻ ഒരു ബയോ ടെക്നോളജി പാർക്കും ഫിലിം ആന്റ് വീഡിയോ പാർക്കിൽ അനിമേഷനുവേണ്ടിയുള്ള ഒരു പ്രത്യേക സാമ്പത്തിക മേഖലയും മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലുള്ള കിൻഫ്ര ഭക്ഷ്യ സംസ്ക്കരണ പാർക്കിൽ ഭക്ഷ്യ സംസ്ക്കരണത്തിനായുള്ള ഒരു പ്രത്യേക സാമ്പത്തിക മേഖലയും പാലക്കാട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് അതോറിറ്റിക്ക് അടിസ്ഥാന സൗകര്യങ്ങളായ ഇൻഡസ്ട്രിയൽ വാട്ടർ സപ്ളൈ, ഇൻഡസ്ട്രിയൽ പവർ ഡിസ്ട്രിബ്യൂഷൻ, എഫ്ളുവന്റ് കൺട്രോൾ എന്നിവ വികസിപ്പിക്കാനുള്ള ഒരു പദ്ധതിയും കിൻഫ്ര നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

75(1353) <u>പൊതുമേഖലയിലെ നിക്ഷേപം</u>

2004-05-ലെ ബി.പി.ഇ. റിവ്യൂ പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ആകെ നിക്ഷേപം (2005 മാർച്ച് 31 വരെ) 18,875.25 കോടി രൂപയാണ്.

76(1354) <u>ജിം-ന് ചെലവായ തുക</u>

പ്രവർത്തനമാരംഭിച്ച 18 ജിം പദ്ധതികളിലൂടെ 337.70 കോടി രൂപയുടെ നിക്ഷേപവും 3354 തൊഴിലവസരങ്ങളും ഉണ്ടായിട്ടുണ്ട്. ജിം നടത്തിപ്പിനായി 546.95 ലക്ഷം രൂപ കെ.എസ്.ഐ.ഡി.സി.ക്ക് ചെലവായിട്ടുണ്ട്.

77(1356) <u>പൊതുമേഖലയിലെ കേന്ദ്ര മുതൽമുടക്ക്</u>

കേരളത്തിലെ പൊതുമേഖലാ വ്യവസായരംഗത്ത് കേന്ദ്ര സർക്കാരിന്റെ മുതൽമുടക്ക് 2004 വരെ 15,301 കോടി രൂപയാണ്. ഇത് ഇന്ത്യയിലെ ആകെ കേന്ദ്ര നിക്ഷേപത്തിന്റെ 2.56 ശതമാനമാണ്.

78(1357) <u>ചെറുകിട വ്യവസായങ്ങൾ</u>

2001–2002 മുതൽ 2005–2006 വരെ സംസ്ഥാനത്ത് സ്ഥാപിച്ച 46,314 ചെറുകിട വ്യവസായങ്ങളിലൂടെ 97,111.65 ലക്ഷം രൂപയുടെ മൂലധന നിക്ഷേപവും 170248 പേർക്ക് തൊഴിലവസരവും ഉണ്ടായിട്ടുണ്ട്. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി ഇനത്തിൽ 95.66 കോടി രൂപയും സീഡ് ക്യാപ്പിറ്റൽ വായ്പാ ഇനത്തിൽ 28.08 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.